# മനോരമ ആരോഗ്യം

ജൂൺ 2015

വില ₹25

**ബെറ്റർ ഹെൽത്ത്**
16 സ്പെഷൽ വെൽനസ് പേജുകൾ



## കൊളസ്ട്രോളിന് അദ്ഭുത മരുന്ന്

## ഫിറ്റ്നസ് ഡാൻസുകൾ ഹരമാകുന്നു

## പല്ലിന്റെ സൗന്ദര്യം കൂട്ടാൻ കമ്പിയിടാം

Special

# ഒന്നാമതാകാം
## പഠനത്തിലും ഓർമയിലും

ഹെൽത്ത് ഗൈഡ്
പ്രോസ്റ്റേറ്റ്

9 770975 040004



# പല്ലിനു കമ്പിയിടാം

**പല്ലുകളുടെ കമ്പിയിടലും ക്രമീകരണവും വഴി മുഖലക്ഷണം തന്നെ മാറ്റാം. ആത്മവിശ്വാസവും വർധിപ്പിക്കാം**

മുഖസൗന്ദര്യത്തിൽ പല്ലുകളുടെ സൗന്ദര്യവും സ്ഥാനവും ഒന്നാമതാണ്. നിരയൊന്നു തെറ്റിയാൽ, തള്ളിനിന്നാൽ മുഖത്തിൻെറ സൗന്ദര്യത്തിനാണ് കോട്ടം വരുന്നത്. എന്നാൽ ഉയർന്നു നിൽക്കുന്ന പല്ലുകളും പല്ലുകളുടെ മറ്റു പ്രശ്നങ്ങളും വെറും സൗന്ദര്യപ്രശ്നമായി മാത്രമല്ല ഇന്നു പരിഗണിക്കുന്നത്. ആത്മവിശ്വാസം നഷ്ടപ്പെടുത്തുന്നതു മുതൽ മറ്റുള്ളവരെ അഭിമുഖീകരിക്കുന്നതിനുള്ള ബുദ്ധിമുട്ടുവരെ അതുണ്ടാക്കുന്നു. അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഏറ്റവും ലളിതമായ മാർഗമാണ് കമ്പിയിട്ടിട്ടുള്ള ദന്തക്രമീകരണം.

പല്ലുകളുടെ ക്രമീകരണത്തോടൊപ്പം നമ്മുടെ മുഖലക്ഷണം തന്നെ മാറ്റിമറിക്കാനാകും. പല്ലുകളും അവയ്ക്കു ചുറ്റുമുള്ള മോണയും അസ്ഥിയും ഒരു പരിധിവരെ ഈ ചികിത്സയിലൂടെ ക്രമീകരിക്കാം. ആത്യന്തികമായി പല്ലുകളുടെ ക്രമീകരണവും വായുടെ ശുചിത്വവുമാണ് ചികിത്സയിലൂടെ ലക്ഷ്യമിടുന്നതെങ്കിലും മുഖസൗന്ദര്യം ഇന്ന് പ്രധാനമായി മാറിയിരിക്കുന്നു.

## കമ്പിയിടാൻ പറ്റിയ പ്രായം

പല്ലുകളുടെ ക്രമീകരണത്തിനും കമ്പിയിടുന്നതിനും പ്രായം പ്രധാനമാണ്. പാൽപല്ലുകളെല്ലാം കൊഴിഞ്ഞുപോയി സ്ഥിരപല്ലുകളെല്ലാം കിളിച്ചുവന്നു രണ്ടാമത്തെ മോളാർ അണപ്പല്ലും വളർന്നു വരുമ്പോഴേക്കും കമ്പിയിട്ടുള്ള ചികിത്സ ചെയ്യാം. കുട്ടിക്ക് അതിനുള്ള പക്വത

കൂടി വേണമെന്നു മാത്രം. 12-13 വയസ്സാവുമ്പോഴേക്കും ഈ ഘട്ടത്തിലെത്തും. അതായത് ഏതാണ്ട് 13 വയസ്സാകുമ്പോഴേക്കും പല്ലിൽ കമ്പിയിടുവാൻ വായ് ശരിയാകും. പാൽപല്ലുകൾക്കു പകരം സ്ഥിരപല്ലുകൾവന്ന് അവയുടെ വേര് ഭാഗം ആവശ്യത്തിനു വളർന്നുകഴിയും. രണ്ടാമതു അണപ്പല്ല് കിളിച്ചു തുടങ്ങുന്നതും മറ്റൊരടയാളമാണ്. അണപ്പല്ലിൽ പിടിപ്പിക്കുവാനുള്ള അപ്ലയൻസസ് പിടിപ്പിക്കാൻ എളുപ്പമാകും. കമ്പിയിട്ടുള്ള ചികിത്സയിൽ സഹകരിക്കാനുള്ള മാനസികപാകത എത്തുന്നതാണ് ഏറ്റവും പ്രധാനമായ മറ്റൊരു മാനദണ്ഡം.

കൗമാരപ്രായത്തിൽ തന്നെ പല്ലിനു കമ്പിയിടുന്നതിലൂടെ പല്ലുകൾ എളുപ്പത്തിൽ ക്രമീകരിക്കപ്പെടും എന്നു മാത്രമല്ല, പല്ലിനോടൊപ്പം താടിയസ്ഥിയുടെ ഭാഗമായ മോണകൂടി താഴ്ത്തിശരിയാക്കിയെയെടുക്കാനും എളുപ്പമാണ്. മാത്രമല്ല വ്യക്തിത്വം രൂപപ്പെടുന്ന പ്രായത്തിനു മുമ്പേ ചെയ്താൽ കുട്ടികളുടെ അബോധമനസ്സിൽ രൂപപ്പെടാവുന്ന ആത്മവിശ്വാസക്കുറവ് മാറ്റിയെടുക്കുകയും ചെയ്യാം.

## പ്രായം കൂടുമ്പോൾ

35 വയസ്സുകഴിഞ്ഞ ധാരാളം പേർ ഇന്നു പല്ലിനു കമ്പിയിടൽ ചികിത്സയക്കു വേണ്ടി സമീപിക്കാറുണ്ട്. വിവിധ കാരണങ്ങളാൽ കൗമാരത്തിൽ ദന്തക്രമീകരണം നടക്കാതെ പോയവരാണ് ഇവർ. 35 വയസ്സു കഴിഞ്ഞാൽ ദന്തക്രമീകരണ ഫലപ്രദമാകില്ല എന്നു പരക്കെ ഒരു വിശ്വാസമുണ്ട്. എന്നാൽ ഇന്നു കമ്പിയിട്ടുള്ള ചികിത്സാരീതിയുടെ സാധ്യതകളും ഗുണമേന്മയും വർധിച്ചിട്ടുണ്ട്. ഏതാണ്ട് 50-55 വയസ്സ് പ്രായം വരെയുള്ളവരിലും ശരിക്കും കമ്പിയിട്ടുള്ള ചികിത്സയ്ക്കു തടസ്സമൊന്നുമില്ല. വളരെ ശ്രദ്ധാപൂർവം ചെയ്യണമെന്നു മാത്രം. മോണരോഗം മൂലം ബലക്ഷയത്തിൻെറ പ്രശ്നം തരണം ചെയ്യണം. ചിലപ്പോൾ സമയം അൽപം കൂടുതൽ എടുത്തെന്നിരിക്കും.

സ്ട്രെയ്റ്റ് വയർ എന്ന മെത്തേഡ് ആവിർഭവിച്ചതോടുകൂടി ദന്തക്രമീകരണം കൂടുതൽ ലളിതമായി. വ്യക്തിയുടെ ശ്രമമില്ലാതെതന്നെ കമ്പിയിട്ടുള്ള ചികിത്സ പൂർത്തീകരിക്കാം.ചെറിയതോതിലുള്ള മോണതള്ളലിനും ഈ രീതിയിലുള്ള ദന്തക്രമീകരണം ഗുണം ചെയ്യും. എന്നാൽ പല്ലുകളെക്കാൾ അസ്ഥിയുടെ തള്ളൽ വളരെ കൂടുതലാണെങ്കിൽ മോണയുടെ കോസ്മെറ്റിക് ശസ്ത്രക്രിയാമാർഗങ്ങൾ കൂടി വേണ്ടിവരാം.

## കമ്പിയിടാതെയും ദന്തക്രമീകരണം

കമ്പിയിടാനും വയ്യ ദന്തക്രമീകരണം നടത്തുകയും വേണം എന്ന അഭിപ്രായക്കാരുണ്ട്. അവർക്ക് കോസ്മെറ്റിക് ക്യാപ്പുപയോഗിച്ചു പല്ലു താഴ്ത്തിയതായി വരുത്താം. നൊടിയിടയിൽ തന്നെ സ്വാഭാവികത ഒട്ടും നഷ്ടപ്പെടാതെ പല്ലുകൾ ശരിയാക്കിയെടുക്കാം. നിലവിലുള്ള പല്ലുകളെ ഷേപ്പ് ചെയ്ത് രൂപഭംഗിയുള്ള ക്യാപ്പുകൾ ഉറപ്പിക്കുന്ന രീതിയാണിത്. ഈ രീതിക്ക് ഇന്ന് ആവശ്യക്കാരേറെയുണ്ട്.

**കോസ്മെറ്റിക് ക്യാപ് ഉപയോഗിച്ച് ഒറ്റ ദിവസംകൊണ്ടും പല്ലുകൾ ക്രമീകരിക്കാം**

എന്നാൽ കമ്പിയിടാതെതന്നെ അതിനു തുല്യമായ ഫലം നൽകുന്ന മറ്റൊരു മാർഗമുണ്ട്. ഇൻവിസിബിൾ അലൈനർ(ക്ലിയർ അലൈനർ) എന്ന കളർലെസ് പ്രോഗ്രാമഡ് ട്രേകൾ ഉപയോഗിച്ച് ഇതു സാധ്യമാണ്. പൊളിത്തീൻ പോലെ നിറമില്ലാത്ത പല്ലിൽ പറ്റിപ്പിടിച്ചു കിടക്കുന്ന അപ്ലയൻസാണിത്. സിനിമാ സീരിയൽ താരങ്ങൾക്കും പൊതുവേദിയിൽ പ്രത്യക്ഷപ്പെടുന്നവർക്കുമൊക്കെ കമ്പിയിടാതുള്ള ഈ രീതി സഹായകമാണ്. പല്ലിനോടു ചേർന്നു കിടക്കുന്ന ട്രേകളാണ് ഇ





**ഡോ. ജോസ് നെൽസൺ**

ഡയറക്ടർ
സ്മൈൽ ആർട്ടിസ്ട്രി
&സൂപ്പർ സ്പെഷ്യൽറ്റി
ഫെയ്സ് സ്മൈൽ
ബ്യൂട്ടി സെൻറർ, കൊല്ലം
*drjose@smileartistry.in*


## സാധാരണ കമ്പിയിടൽ

ലോഹനിർമിതമായ ബ്രേസുകൾ പല്ലുകളിൽ പിടിപ്പിച്ച് അതിലൂടെ കമ്പികടത്തി അണപ്പല്ലിലോടു ചേർത്ത് ഉറപ്പിക്കുന്നതാണ് സാധാരണ രീതി. ഉറപ്പിക്കുന്നഭാഗത്തുള്ള ഹൂക്കുകളിൽ സ്പ്രിങ്/റബർബാൻഡ് ഉപയോഗിക്കുന്നതിനാൽ ക്രമേണ ആഗ്രഹിച്ച സ്ഥാനത്തേയ്ക്ക് പല്ലുകളെ എത്തിക്കാം. 30,000 രൂപവരെ ചെലവ്-.





## തിരിച്ചറിയാത്ത കമ്പിയിടൽ

ചെയ്യുന്നത് സാധാരണരീതിയിലാണെങ്കിലും ഉപയോഗിക്കുന്ന വസ്തുക്കളിൽ മാറ്റം വരുത്തുന്നു. പല്ലുകളുടെ നിറത്തിലുള്ള തിരിച്ചറിയുവാൻ പറ്റാത്ത സെറാമിക് അപ്ലയൻസുകൾ ഉപയോഗിക്കുന്നതിനാൽ പെട്ടെന്നു തിരിച്ചറിയാനാവില്ല. പോരെങ്കിൽ കമ്പിപോലും പൗഡർ കോട്ടഡായിട്ടുള്ളതും ലഭ്യമാണ്. ഒറ്റനോട്ടത്തിൽ കമ്പിയിട്ടിട്ടുണ്ടെന്നു തിരിച്ചറിയില്ല. 20,000 രൂപമുതൽ ചെലവുവരും.

## പ്രായമേറിയവരിൽ കമ്പിയിടുമ്പോൾ

പ്രായമേറിയവരിൽ കമ്പിയിടുന്നത് നമ്മുടെ നാട്ടിൽ സാധാരണ കാണാറില്ല. എന്നാൽ അവരിലും കമ്പിയിടലിലൂടെ ദന്തക്രമീകരണം നടത്താം. പക്ഷേ കൂടുതൽ ശ്രദ്ധയും പരിചരണവും നൂതന രീതികളും അവർക്ക് വേണ്ടിവരും. അല്ലെങ്കിൽ പല്ലുകളുടെ ചലനരീതി ചിലപ്പോൾ പ്രവചനാതീതമാകാവുന്നതുപോലുള്ള പ്രശ്നങ്ങളുണ്ടാകാം.



- പ്രായമേറിയവരിൽ സാധാരണ ചെയ്യാറുള്ളതുപോലെ മുഴുവൻ നിരയും ഒരുമിച്ചു നീക്കുന്ന എൻമാസ്സ് ടൂത്ത് മൂവ്മെൻറ് പറ്റില്ല.
- കോമ്പല്ലുകളും മുൻനിരയിലെ മറ്റു പല്ലുകളും പ്രത്യേകം പ്രത്യേകം ചലിപ്പിച്ചുകൊണ്ടു പുറകോട്ടു പോകണം.
- ആങ്കർലോസ് എന്ന പ്രതിഭാസം കാരണം അണപ്പല്ലുകൾ മുന്നോട്ടു നീങ്ങുന്നത് പല്ലടുപ്പിക്കുവാനുള്ള ഇടം കുറയ്ക്കും.
- സെഗ്മെൻറൽ ആർച്ച് ടെക്നിക്കും ടീ ലൂപ്പ്ഡ് വയർ, ടിയർ ലൂപ്പർ വയർ എന്നിവ ഉപയോഗിച്ചു പല്ലുകൾ ഘട്ടം ഘട്ടമായി ശരിയാക്കിയെടുക്കാം.

തിലെ മുഖ്യ വസ്തു. ഇവ പല്ലിലിട്ടിരുന്നാൽ തിരിച്ചറിയാനാവില്ല. ഒരാളുടെ പല്ലിൻെറ ഇപ്പോഴത്തെ ചരിവിൽ നിന്നും ആവശ്യമായ നിലയിലേക്കുള്ള അവസ്ഥകളുടെ പടി പടിയായി ഘട്ടങ്ങളിലുള്ള നിരവധി ട്രേകൾ കംപ്യൂട്ടർ സഹായത്തോടെ നിർമ്മിക്കുന്നു. തുടർന്ന് അവ ക്രമത്തിന് രണ്ടാഴ്ചവീതം ഒന്നിനു പുറകേ ഒന്നായി സ്വയം പിടിപ്പിച്ചു വെയ്ക്കുന്നതാണ് രീതി. അവസാനട്രേ വെച്ചുകഴിയുമ്പോൾ ആഗ്രഹിച്ച രീതിയിലേക്ക് പല്ല് എത്തിക്കഴിഞ്ഞിരിക്കും. പല്ലിൻെറ തള്ളലും നിരതെറ്റലും ഗ്യാപ്പും വളരെ കൂടുതലല്ലെങ്കിൽ ഇതു വളരെ ഫലപ്രദമാണ്. പല്ലെടുക്കാതെ തന്നെ നിരതെറ്റലുള്ള പല്ലുകളിലും അലൈയ്നർ വിദഗ്ധമായി ഉപയോഗിക്കാം.30,000 രൂപമുതൽ ഒരു ലക്ഷം വരെയാണ് ഈ രീതിയുടെ ചെലവ്.

## കമ്പി ഉള്ളിൽ ഇടുമ്പോൾ

പല്ലെടുത്ത് കമ്പിയിടേണ്ട അവസരത്തിലും അതു മറ്റുള്ളവർ കണ്ടാൽ നാണക്കേടാകുമെന്നുള്ളവർക്ക് പുറമേ കാണാതെ പല്ലുകളുടെയുള്ളിൽ പിടിപ്പിക്കുന്ന കമ്പിയിടൽ രീതിയാണ് ലിങ്ക്വൽ ഓർത്തഡോൺടിക്സ്. പല്ലുകളുടെ അകത്ത് ഒട്ടിക്കുന്നതിനാൽ കമ്പിയിട്ടുള്ള ചികിത്സ ചെയ്യുന്നത് മറ്റുള്ളവർ അറിയില്ല.

## കോസ്മെറ്റിക് രീതികൾ

നിരയില്ലാത്ത പല്ലുകൾ നിരയൊത്തതായി തോന്നാൻ സെറാമിക് വെനീറും കോമ്പോസിറ്റ് വെനീറും റീഷേപ്പിങ്, റീ കോൺടൂറിങ് തുടങ്ങിയ കോസ്മെറ്റിക് മാർഗങ്ങൾ ഉപയോഗിക്കാം. ഒരേ ലവലില്ലാത്ത പല്ലുകൾ ഒരു നിരയിൽ നല്ലൊരു വടിവിൽ മോണയിൽ നിൽക്കുന്ന രീതിയിൽ തോന്നിപ്പിക്കാൻ ഉള്ളിലോട്ടിരിക്കുന്ന പല്ലുകളുടെ പ്രതലത്തിൽ മറ്റൊരു സ്വാഭാവികത തോന്നുന്ന പ്രതലം ബോണ്ട് ചെയ്തു തീർക്കുന്ന രീതിയാണിത്.

റീഷേപ്പിങ്ങും റീകോൺടൂറിങ്ങും വഴിയും ചെറിയ നിരതെറ്റലും ഉന്തലും അവയുടെ ക്രമമില്ലായ്മയും മാറ്റിയെടുക്കാം. പല്ലുകളുടെ രൂപമാറ്റവും ശേഷം പോളിഷും ഇതിൻെറ ഭാഗമാണ്.

പല്ലുകളുടെയിടയിലെ ഗ്യാപ്പ് ഗോൾഡൻ തിയറി തത്വങ്ങളുപയോഗിച്ചു സെറാമിക് വെനീറിങ്ങോ, പല്ലിൻെറ നിറത്തിലുള്ള മെറ്റീരിയലായ കോമ്പോസിറ്റോ ഉപയോഗിച്ചു അടയ്ക്കാം. ഒറ്റ സിറ്റിങ്ങിലോ ഏതാനും സിറ്റിങ്ങിലോ ചെയ്യുവാൻ പറ്റുന്നതാണു കോസ്മെറ്റിക് മെറ്റീരിയലുകളുടെ ഉപയോഗം. കലാചാതുര്യത്തോടെയും സൗന്ദര്യ ഘടകങ്ങൾ ഉപയോഗിച്ചും വേണമെന്നു മാത്രം.

## വിടവ് എന്ന അഭംഗി

പല്ലുകളിലെ വിടവ് എന്ന വൈകല്യം മുഖസൗന്ദര്യത്തെ അപ്പാടെ കെടുത്തിക്കളയും. വായ്തുറക്കാൻ പോലും പലരും മടിക്കുന്നു. പല്ലുകൾക്കിടയിലെ വിടവിനും കമ്പിയിടൽ പരിഹാരമാകും. എന്നാൽ കമ്പിയിടാതെ തന്നെ ഗ്യാപ്പ് അടയ്ക്കുവാൻ ക്ലിയർ അലൈനറോ വെനീറിങ്ങോ കോമ്പോസിറ്റോ ഉപയോഗിക്കാം. ഗ്യാപ്പടയ്ക്കുമ്പോൾ പല്ലുകൾ ക്കു വീതി കൂടുതൽ തോന്നാതിരിക്കും വിധം ഗ്യാപ്പ് പല പല്ലുകളിലായി വീതം വയ്ക്കണം.


പലപ്പോഴും അകൽച്ചയുണ്ടാകുന്നത് മോണരോഗം മൂലം പല്ലുകൾക്കു ബലക്കുറവോ, മേൽചുണ്ടിലെ കൊളുത്തിൻെറ വലിവോ രണ്ടു താടിയസ്ഥികളുടെയും മുൻനിര പല്ലുകളുടെ ക്രമമല്ലാത്ത കടിയുമോ ആവാം.

## താടിയസ്ഥികളുടെ വളർച്ച

കീഴ്താടിയുടെ വളർച്ച കൂടുതലുള്ളവർക്കു സർജറിയും ചെറിയ തള്ളൽ അറിയാതിരിക്കാൻ കീഴ്നിരയിലെ പല്ലുകളെ കമ്പിയിട്ടുമേൽ നിരയിലെ പല്ലിൻെറ ഉള്ളിലോട്ടാ



ദന്തക്രമീകരണത്തിനു മുമ്പും



ശേഷവും

ക്കിയാൽ മതി. താടിയെല്ലുകളുടെ വളർച്ച ക്രമീകരിക്കാൻ ശസ്ത്രക്രിയകൾക്കു പുറമേ വളർച്ച ത്വരിതപ്പെടുത്താനും കുറയ്ക്കാനും ചില അപ്ലയൻസുകൾ ഉണ്ട്. ഫ്രാങ്കൽ, ടിൻ ബ്ലോക്ക്, ചിൻക്യാപ്പ്, ഫെസ്സിയർ ഉപകരണങ്ങൾ ഇതിനു സഹായകമാണ്.

## ചെലവുകുറഞ്ഞ ഒറ്റക്കമ്പി ?

പഴയകാലത്ത് ഒറ്റക്കമ്പിയിടുന്ന രീതിയായിരുന്നു സാധാരണം. ചെലവും കുറവാണ്. എന്നാൽ ഒറ്റ കമ്പിയെന്ന പഴയ കമ്പിയിടൽ ഒട്ടും ശാസ്ത്രീയവും ഫലപ്രദവുമല്ല. ആ രീതിയിൽ പല കുറവുകളുണ്ട്. പല്ലുകളുടെ തിരിവ് നല്ല രീതിയിൽ മാറ്റുവാൻ പറ്റുന്നില്ല. മോണ കൂടുതൽ കാണുന്നതും പല്ലുകൾ കൂടുതൽ കാണുന്നതും കുറയ്ക്കാനാവില്ല. പല്ലിൻെറ ചലനങ്ങളിൽ പല്ലിൻെറ വേരുകൾ കൂടി ചലിപ്പിക്കാൻ ഒറ്റക്കമ്പികൊണ്ട് സാധ്യമല്ലാത്തതിനാൽ പല്ലുകളിൽ വരുത്തുന്ന മാറ്റത്തിനു സ്ഥിരതയുമില്ല. എന്നാൽ നൂതനരീതിയിൽ ഫിക്സഡായിട്ട് കമ്പിയിടുമ്പോൾ മാറ്റങ്ങൾ എളുപ്പത്തിൽ വരുത്തുവാനും പല്ലുകളുടെ സ്ഥാനം പിന്നീട് മാറുന്നുമില്ല. ഗ്യാപ്പടയ്ക്കുന്നത് ഉദാഹരണം. ഫിക്സഡിൽ ഗ്യാപ്പടയ്ക്കുമ്പോൾ പിന്നീടു തുറക്കുന്നതു കുറവായിരിക്കും.പ്രായോഗികമായി ഇതൊരു ചികിത്സാരീതിയായി ഇന്ന് കണക്കാക്കേണ്ടതില്ല.

> ആറുമാസം മുതൽ ഒന്നരവർഷമെങ്കിലും എടുത്തുവേണം കമ്പി ഇടൽ പൂർത്തിയാക്കാൻ

## കമ്പിയിടലിൻെറ സമയം

കമ്പിയിടൽ ആറുമാസം മുതൽ ഒന്നര വർഷമോ ചിലപ്പോൾ അതിലും കൂടുതൽ കാലമോ വേണ്ടിവരും. സമയം കുറച്ചു വേഗത്തിൽ ചെയ്യുകയെന്നത് പ്രായോഗികമല്ല. കാരണം പല്ലിൽ കമ്പിയിടുന്നത് ഒരു ബയോ മെക്കാനിക്കൽ പ്രോസസ്സ് ആണ്. അതു നല്ല പല്ലുകളുടെ പുറമേ കാണുന്ന ക്രൗൺ ഭാഗം ചലിക്കുന്നതോടൊപ്പം അവയുടെ വേരുഭാഗം കൂടി ക്രമേണ ചലിക്കണം. വേര് ഭാഗം അസ്ഥിയിലൂടെ നീങ്ങുന്നത് ബോൺ റിസോപ്ഷൻ, ഡെപ്പോസിഷൻ മെത്തേഡിലൂടെയാണ്. കൂടുതൽ സമ്മർദം കമ്പികളിൽ നൽകിയാൽ വേഗത്തിൽ കമ്പി മാറ്റാം. പക്ഷേ അതിൻെറ ദോഷം പിന്നീടാണ് അനുഭവിക്കേണ്ടിവരിക. അമിതബലം നൽകി പരമാവധി വേഗത്തിൽ ദന്തക്രമീകരണം നടത്തിയാൽ പല്ലുകളുടെ വേരുഭാഗം ദ്രവിച്ചു പോകും. മാത്രമല്ല ക്രമേണ പല്ലുകൾ നിർജീവമായി നിറം നഷ്ട പ്പെടാം. അതിനാൽ കമ്പിയിട്ടുള്ള ദന്തക്രമീകരണം വേഗത്തിലാക്കാതിരിക്കാൻ ശ്രദ്ധിക്കണം.


# ബൈപാസോ ആൻജിയോ പ്ലാസ്റ്റിയോ ഇല്ലാതെ ഹൃദ്രോഗം മാറ്റാം ബ്ലോക്ക് ഇനി ഭയം വേണ്ട

**ബൈപ്പാസും ആൻജിയോ പ്ലാസ്റ്റിയും ചെയ്ത രോഗികൾക്ക് വീണ്ടും ബ്ലോക്ക് വന്നാൽ ഇത് അത്യുത്തമം**

ആൻജിയോ പ്ലാസ്റ്റിയോ, ബൈപാസ് ഓപറേഷനോ കൂടാതെ ഹൃദയത്തിലെ ബ്ലോക്കുകൾ ചികിത്സിയ്ക്കാം എന്ന് അമേരിക്കയിൽ കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ ക്ലിനിക്കൽ കാർഡിയോളജി പ്രൊഫസറായ ഡോ. ഡീൻ ഓർനിഷ് കണ്ടുപിടിച്ചിട്ടുണ്ട്. ബൈപാസോ ആൻജിയോ പ്ലാസ്റ്റിയോ ചെയ്ത് തുറക്കാത്ത ചെറിയ ബ്ലോക്കുകൾക്കും, വീണ്ടും വന്ന ബ്ലോക്കുകൾക്കും, ബ്ലോക്കുകൾ കൂടാതിരിക്കുവാനും പുതിയ ബ്ലോക്കുകൾ വരാതിരിക്കുവാനും ഈ ചികിത്സ അത്യുത്തമം. ബൈപാസും ആൻജിയോ പ്ലാസ്റ്റിയും കഴിഞ്ഞ് വീണ്ടും അടഞ്ഞ് ഹൃദ്രോഗം വന്ന ആയിരക്കണക്കിന് രോഗികൾ ജീവിതം നശിച്ച് നിരാശരായി കണ്ണീരോടെ മരണം കാത്ത് കഴിയുന്നുണ്ട്. വീണ്ടും ബൈ പാസിന് പ്രശ്നങ്ങളും മരണ സാധ്യതയും കൂടുതലായതിനാൽ അവർക്ക് ഈ ചികിത്സ നവജീവൻ നൽകുന്ന ഒരു അനുഗ്രഹവും പ്രത്യാശയും ആണ്. ഈ ചികിത്സയ്ക്ക് ആൻജിയോഗ്രാം പോലും ആവശ്യമില്ല. ഡോ. ഡീൻ ഓർനിഷിന്റെ ചികിത്സകൊണ്ട് രോഗം മാറുന്നത് 3 വഴികളിലൂടെയാണ്. (1)അടഞ്ഞ ധമനികളുടെ അടവ് ഭാഗികമായി തുറക്കുന്നു (അത്തിറോസ്സ്ക്ലിറോട്ടിക് റിഗ്രഷൻ) Fig.1.(2)അടഞ്ഞ ധമനികളുടെ ഉപശാഖകൾ അടയാത്ത ധമനികൾ രക്തപ്രദാനം ചെയ്യുന്ന ഭാഗങ്ങളിലേക്ക് വേരു വളരുന്നതുപോലെ വളർന്ന് അവിടെ നിന്നും രക്തം വലിച്ചെടുക്കുന്നു (ആൻജിയോ ജനിസിസ് അഥവാ കൊളാറ്ററൽ ഫോർമേഷൻ) Fig.2. (3)കുറച്ച് രക്തം കിട്ടിയാൽ പോലും കാര്യക്ഷമമായി പ്രവർത്തിക്കുവാൻ ഉള്ള കഴിവ് കാലക്രമേണ ഹൃദയം കൈവരുത്തുന്നു (ഇസ്ച്ചീമിക് അഡാപ്റ്റേഷൻ). ഒരു രോഗിക്ക് മേൽപറഞ്ഞവയിൽ ഒന്നാമത്തേതായിരിക്കും കൂടുതൽ ഉണ്ടാകുക. മറ്റൊരു രോഗിക്ക് രണ്ടാമത്തേതായിരിക്കും കൂടുതൽ. വേറൊരാളിൽ മൂന്നാമത്തേതായിരിക്കും ഉണ്ടാകുക. അതിനാൽ രോഗം മാറുവാൻ "ബ്ലോക്ക് മാറണം" എന്ന പൊതുവേയുള്ള ധാരണ തെറ്റാണ്. ബ്ലോക്ക് ഒട്ടും മാറിയില്ലെങ്കിൽ പോലും രോഗിക്ക് മേൽപറഞ്ഞ രണ്ടും മൂന്നും രീതിയിൽ സുഖം പ്രാപിക്കാം. ഇങ്ങനെ ഹൃദയത്തിന്റെ പ്രവർത്തനത്തിന് വേണ്ട രക്തവും ഹൃദയത്തിന് ലഭിക്കുന്ന രക്തവുമായി പൊരുത്തപ്പെടുകയും രോഗം മാറുകയും ചെയ്യുന്നു. ബ്ലോക്ക് 70%ത്തിൽ കൂടുതൽ ഉണ്ടെങ്കിലേ വ്യായാമം ചെയ്യുമ്പോൾ നെഞ്ചുവേദന വരികയുള്ളൂ. ബ്ലോക്ക് 90%ത്തിൽ കൂടുതലായാൽ വെറുതെയിരിക്കുമ്പോഴും നെഞ്ചുവേദനവരും. മുഖക്കുരുവിലെ നീരു വറ്റുന്നതു പോലെ ബ്ലോക്ക് 22% മാത്രം ചുങ്ങി 68% ആയി കുറഞ്ഞാൽ പോലും രോഗിക്ക് പൂർണ്ണ സുഖം പ്രാപിക്കാം. ഒരു ബ്ലോക്ക് ഉള്ള ആൾ മരിച്ചെന്നുവരും. 6 ഉം 7 ഉം ബ്ലോക്കുള്ള ആൾക്ക് നല്ല കൊളാറ്ററുകൾ ഉണ്ടെങ്കിൽ സസുഖം ജീവിക്കുന്നതായും കാണാം!! യഥാർത്ഥത്തിൽ ഇത്തരം വിരോധാഭാസമുള്ള ഒരു പ്രത്യേക ഹൃദ്രോഗമാണിത്. ബൈപ്പാസ് ഓപ്പറേഷനോ, ആൻജിയോ പ്ലാസ്റ്റിയോ ഉപദേശിച്ച ആശുപത്രിയിലെ ഒ.പി.യിൽ പോയി ഇവ ചെയ്ത് ഒരു വർഷം കഴിഞ്ഞ് അവിടെ ചെക്കപ്പിനു വന്ന രോഗികളോട് എത്ര പേർക്ക് വീണ്ടും പ്രശ്നം ഉണ്ടായെന്ന് തിട്ടപ്പെടുത്തുക. അത് പോലെ ഞങ്ങളുടെ സ്ഥാപനത്തിൽ വന്നും പരാജയ ശതമാനം തിട്ടപ്പെടുത്തി ഇതിൽ ഏതാണ് നല്ലതെന്ന് മനസ്സിലാക്കി നിങ്ങൾക്ക് ഏത് ചികിത്സ വേണമെന്ന് നിശ്ചയിക്കാം. രോഗിയുടെ മരുന്നും ഭക്ഷണവുമടക്കം ആകെ ആശുപത്രി ചിലവ് 16,000 - 30,000 രൂപ മാത്രം. കാർഡി യോളജിസ്റ്റ് ഡോ. എം. ജോർജ് ഈരാളി എം.ഡി.; ഡി.എം. (വെല്ലൂർ) എഴുതിയ ഹൃദ് രോഗ ചികിത്സയെ കുറിച്ചുള്ള സൗജന്യ പുസ്തകത്തിന് എഴുതുക : ഹാർട്ട്കെയർ പി.എൻ.വി.എം. ആശുപത്രി, മാധവ ഫാർമസി ജങ്ഷൻ, കൊച്ചി-18. ഫോൺ:2390097,2395551.




Fig. 1 ബൈപ്പാസ് ഓപ്പറേഷനോ ആൻജിയോ പ്ലാസ്റ്റിയോ കൂടാതെ ചികിത്സ കൊണ്ട് മാത്രം അടവുകൾ തുറന്ന ആൻജിയോ ചിത്രങ്ങൾ(ആരോകൾ) ബ്രോൺ വാൾഡ് ടെസ്റ്റ് ബുക്ക് ഓഫ് കാർഡിയോളജിയിൽ നിന്നും




Fig. 2 ധമനികൾ വേരുപോലെ വളർന്ന് ഉണ്ടായ കൊളാറ്ററലുകൾ (ആരോകൾ) ഗൈറ്റൻ ടെസ്റ്റ് ബുക്ക് ഓഫ് ഫിസിയോളജി

Advertisement